കവിത

# രാജാവ്

(ഒരു കമ്മ്യൂണിസ്റ്റിന്റെ ഇ.എം.എസ്. സ്മരണ)

വിജയകുമാർ കളരിക്കൽ

അങ്ങ് രാജാവായിരുന്നു
രക്തസിംഹാസനവും
ചെങ്കോലുമില്ലാതെ -
യങ്ങൊരു രാജാവായിരുന്നു

തെരുവുകൾതോറും
പ്രജകൾതൻ ചോറുണ്ട്
എത്രനാളെത്രനാൾ അങ്ങുപാർത്തൂ!

അന്നങ്ങ്,
ശത്രുവിൻ കീശയിൽ
പെട്ടൊരിമണ്ണിനെ,
പെണ്ണിനെ
മുക്തയാക്കാനുള്ള പാടിലായിരുന്നു.
വിക്കുന്ന വാക്കളിൽ
കത്തുന്നൊരഗ്നിയാൽ,
കോറുന്ന വരകളിൽ
കാളുന്ന സൂര്യനായ്,
ഞങ്ങടെ,
സിരകളിൽ ജ്വാലയായ്
ബോധിയിൽ കനലായ്
സ്വപ്നമായ്
ഒരു നാൾ വരുമങ്ങ് രാജനായ്,
അന്നാൾ,
കത്തുംവയർനിറച്ചുണ്ണാമെന്നോർത്തും,
മഴയത്തുകുതിരാതെ,
വെയിലത്ത് പൊള്ളാതൊരു-
കൂരയിലുറങ്ങാമെന്നോർത്തും
എത്രനാൾ, എത്രനാൾ കാത്തു ഞങ്ങൾ !
മുക്തയാക്കപ്പെട്ടൊരിപെണ്ണിന്നൊരു -
പാട് □ഭൈമീകാമുകർ□മുന്നിലെത്തി -
യെന്നിട്ടമങ്ങൊരു ക്ഷത്രിയനാവാതെ
പ്രജകൾതൻ കൂരയിൽ പാത്തിരുന്നു.

അന്നു ഞങ്ങളോതി,
ഒട്ടിയകവിളുകളും
കുഴിഞ്ഞകണ്ണുകളുമുള്ള
അസ്ഥിക്കോലങ്ങളായിരുന്നെങ്കിലും,
ഞങ്ങടസ്ഥികൾ പൂത്തുനിന്നകാലം,
രക്തം, ജ്വാലയാൽ ലാവയായിരുന്നകാലം,
വാളേന്തി, മഴുവേന്തി,
ഉടലെടുത്ത്, നിണമൊഴുക്കി
കോട്ടകൾ നേടുവാൻ......................

പക്ഷെ, അങ്ങ് വാക്കളിൽ,
വരകളിൽ
സമരമായ്
കൂരകൾക്കുള്ളെ പാർത്തിരുന്നു.
വേഴാമ്പൽ നാവിന്നൊരു തുള്ളിനീർപോലൊ-
രുനാളിലങ്ങും രാജനായി,
സ്വപ്നമാമരം
പൂവിടും, കായ്‌വരും
തേൻപഴം കൊഴിയും നാൾ പാർത്തു
വൃക്ഷ ചുവട്ടിൽ കാത്തിരുന്നു.
ഞങ്ങടെ,
പൂക്കാത്ത വസന്തവും,
വർഷവും,
വേനലും പോകവെ
വ്യർത്ഥമായ് മോഹങ്ങൾ;
നീർക്കുമിൾ പോലെ തകർന്നുപോയി

എന്നിട്ടും അങ്ങിന്നും രാജാവാകുന്നു,
വാക്കളിൻ ശക്തിയിൽ,
വരകളിൻ യുക്തിയിൽ
അങ്ങിന്നും രാജാവാകുന്നു.

ഇനിയും പുലരുമോ ഞങ്ങടെ പകലവൻ,
ചെങ്കതിർ ഞങ്ങടെ കൺകളിൽ അഗ്നിയായ്,
സിരകളിൽ ലാവയായ് പടരുമോ... ?
ഇനിയും വിരിയുമോ
ഞങ്ങടെ പൂവുകൾ
നറുമണം നേടുവാൻ,

മധുവുണ്ട്, മലർച്ചൂടാനൊരു
മംഗള സുദിനം വന്നീടുമോ?

@@@@